# ജിഎൽപിഎസ് കോടല്ലൂർ

## കണിച്ചേരി



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1 റവന്യൂ ജില്ല : | കണ്ണൂർ |
| 2 സ്കൂൾ കോഡ് : | 13802 |
| 3 സ്കൂളിന്റെ പേര് : | ജി എൽ പി എസ് കോടല്ലൂർ |
| 4 വിലാസം : | കണിച്ചേരി<br>നണിച്ചേരി പി ഒ<br>പറശ്ശിനിക്കടവ്<br>കണ്ണൂർ |
| 5 ഇ മെയിൽ : | glpskodallur@gmail.com |
| 6 നഗരസഭാ : | ആന്തൂർ നഗരസഭ |
| 7 വിദ്യാഭ്യാസ ജില്ലാ: | തളിപ്പറമ്പ |
| 8 സബ് ജില്ല : | തളിപ്പറമ്പ സൗത്ത് |
| 9 ക്ലാസുകൾ | 1 to 4 |
| 10 മാനേജ്മെന്റ് : | ഗവൺമെന്റ് |

# ആമുഖം

കണ്ണൂർ ജില്ലയിലെ ആന്തൂര് നഗരസഭയിൽ കണിച്ചേരി എന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന കോടല്ലൂർ ഗവൺമെന്റ് എൽ പി സ്കൂൾ പാഠ്യ പഠ്യേതര രംഗത്ത് സബ്ജില്ലാ തലത്തിൽ തന്നെ മാതൃകയായി നിൽക്കുന്നു വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷകൾ എന്നിവയിൽ പരിശീലനം നൽകുകയും അതുവഴി മികവാർന്ന വിജയം നേടാൻ സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും കലാകായിക രംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് സാധിക്കുന്നു അതിനു വേണ്ടി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു അക്കാദമിക രംഗത്ത് മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളാണ് പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി ടി എ യുടെ ഇടപെടലും പൂർവ വിദ്യാർത്ഥികൾ, ജന പ്രതിനിധികൾ, നഗരസഭാ,തുടങ്ങിയവയുടെ പൂർണമായ സഹകരണവും ഉറപ്പു വരുത്താൻ കഴിയുന്നു .കൂടാതെ ഹരിത ഭംഗിയാർന്ന ജൈവ സമ്പന്നതയിൽ അലങ്കരിതമായ സ്കൂൾ പരിസരം ശിശു സൗഹൃദമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ് .സ്കൂളിന്റെ അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുത്താനും ഗുണകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് .

# സ്കൂൾ ചരിത്രം

ആന്തൂർ നഗരസഭയുടെ 22 വാർഡിൽ കോടല്ലൂർ ഗ്രാമത്തൽ പറശിനി പുഴയ്ക്കും മറപ്പുരയ്ക്കും വിളിപ്പാടകലെ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു .അവികസിതമായിരുന്ന ഈ പ്രദേശത്ത് കൃഷിയും മൽസ്യ ബന്ധനവുമായി ജീവിച്ചിരുന്നവരായിരുന്നു ഇവിടുത്തുകാർ .പ്രദേശത്തെ നിരവധി പേരുടെ പ്രവർത്തന ഫലമായി 1957 ൽ ഏകാധ്യാപകനായ ശ്രീ കുഞ്ഞിരാമൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഷൂൾ ആരംഭിച്ചു .ഓലമെടഞ്ഞ മേൽക്കൂരയ്ക്ക് കീഴെ നിലത്തിരുനായിരുന്നു ആദ്യകാല പഠനം .പിന്നീട 1962 ൽ നാട്ടുകാരുടെ സഹായത്തോടെ സ്കൂളിന് പുതിയ കെട്ടിടമുണ്ടായി ക്രമേണ കുട്ടികളുടെ എണ്ണം കൂടി വന്നു ജീവിത സൗകര്യങ്ങൾക്കു വികാസം സംഭവിച്ചതോടെ ഗ്രാമമായ കാണിച്ചേരിയിൽ നിന്നും പട്ടണത്തിലേക്ക് കൂടുതൽ ആളുകൾ താമസം മാറിയതോടെ പ്രദേശത്തെ ജനസംഖ്യയിൽ കാര്യമായ കുറവുണ്ടായി .അതോടെ കുട്ടികളുടെ അംഗസംഖ്യയും കുറഞ്ഞു തുടങ്ങി . 2002 ആകുമ്പോഴേക്കും കുട്ടികളുടെ പ്രവേശനത്തിൽ നന്നേ കുറവ് സംഭവിച്ചു. 2024 ൽ ഗവണ്മെന്റിന്റെ തനതു ഫണ്ടിൽ നിന്നും ഇരുനിലയോടു കൂടിയ നിർമിച്ച സ്കൂൾ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

# സ്കൂൾ ഇന്ന്

നാല് അധ്യാപകരും 22 കുട്ടികളുമടങ്ങുന്ന കോടല്ലൂർ ഗവഃ എൽ പി സ്കൂൾ കുട്ടികൾ കുറവാണെങ്കിലും പാഠ്യ പാഠ്യേതര വിഷയങ്ങളിൽ ഇന്നും തിളക്ക

മാർന്നു നിൽക്കുന്നു . തുടർച്ചയായി എല്ലാ വർഷങ്ങളിലും എൽ എസ് എസ് നേടുന്ന കുട്ടികൾ കലാമേള ശാസ്ത്രമേള എന്നിവയിൽ മികച്ച വിജയം ഇതൊക്കെ സ്കൂളിന്റെ മുഖമുദ്രയാണ്.

# അക്കാദമികം

## നേട്ടങ്ങൾ

നാലാം തരത്തിലെ കുട്ടികൾക്ക് ജൂൺ മാസം മുതൽ തന്നെ നൽകി വരുന്ന എൽ എസ് എസ് പരിശീലന ക്ലാസ്സുകളിലൂടെ തുടർച്ചയായി എൽ എസ് എസ് വിജയികളെ കണ്ടെത്തുന്നു .ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേക പ്രവർത്തന പദ്ധതി കൾ നടപ്പിലാക്കുന്നതിനാൽ ഇംഗ്ലീഷ് പഠനത്തിൽ കുട്ടികൾ മികച്ചു നിക്കുന്നു സബ്ജില്ലാ കലോത്സവത്തിൽ ഗവഃ എൽപി സ്കൂളുകളിൽ വച്ച് നമ്മുടെ സ്കൂളിന് പോയിന്റിൽ ഒന്നാം സ്ഥാനത്ത് എത്താൻ സാധിച്ചു .ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ തുടർച്ചയായി മികച്ച വിജയങ്ങൾ ഇവയൊക്കെ സ്കൂളിന്റെ അക്കാദമിക മികവിന്റെ തെളിവുകളാണ്.

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തി കുട്ടികൾ മികച്ച വിജയം നേടുന്നുവെങ്കിലും കുട്ടികളുടെ കുറവ് കാരണം പാഠ്യ പാഠ്യേതര പ്രവർ ത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ പ്രയാസം നേരിടുന്നു ണ്ട്.കമ്പ്യൂട്ടർ ലാപ്ടോപ്പുകൾ എന്നിവ ആവശ്യത്തിന് ഇല്ലാത്തതിനാൽ ഐ സി ടി പഠനങ്ങളിൽ കുട്ടികൾക്ക് അവസരങ്ങൾ നഷ്ടപ്പെടുന്നു .

# ഭൗതികം

## നേട്ടങ്ങൾ

2024 -25 അധ്യയന വർഷം മുതൽ ടൈൽ പാകിയ പുതിയ ഇരുനില കെട്ടിടത്തിലേക്ക് പ്രവർത്തനമാരംഭിക്കാൻ സാധിച്ചു .വായന പരിപോഷിപ്പിക്കുന്നതിനായി മികച്ച സ്കൂൾ, ക്ലാസ്സ് ലൈബ്രറി ഐ ടി പഠനത്തിനായി പ്രൊജക്ടർ മൈക്ക് സെറ്റ് എന്നിവയും സ്കൂളിനുണ്ട് പെൺകുട്ടികൾക്കും ആണ്കുട്ടികൾക്കുമായി പത്തിലേറെ ടോയ്‌ലെറ്റുകൾ നൂതന രീതിയിലുള്ള ഡെസ്ക് ബെഞ്ചുകൾ രണ്ടു ക്ലാസ്സുകളിൽ സ്മാർട്ട് ടി വി മികച്ച ഉച്ച ഭക്ഷണം വിശാലമായ ക്ലാസ് മുറികൾ സ്വന്തമായി സ്കൂൾ ബസ് ഇവയൊക്കെ കോടല്ലൂർ ഗവഃ എൽ പി സ്കൂളിന്റെ ഭൗതിക നേട്ടങ്ങളാണ്.

## പരിമിതികൾ

നിരവധി ഭൗതിക സാഹചര്യങ്ങൾ സ്കൂളിനുണ്ടെങ്കിലും ചില പരിമിതികൾ ഇന്നും മുഴച്ചു നിൽക്കുന്നുണ്ട്.കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിനില്ല ആധുനീക സൗകര്യത്തോടുകൂടിയ ഭോജന ശാല അത്യാവശ്യമാണ്. ഇതിൽ ആവശ്യത്തിന് പാത്രങ്ങളും ഫർണിചറുകളും പാത്രങ്ങളും ലഭ്യമാകണം സ്കൂൾ കോമ്പൗണ്ട് മുഴുവൻ ഇന്റർലോക്ക് പാകിയതിനാൽ മനോഹരമായ പൂന്തോട്ടം ഒരുക്കാനോ പച്ചക്കറി കൃഷി നടത്താനോ സാധിക്കുന്നില്ല.വിശാലമായ കളിസ്ഥലം ഇല്ലാത്തതിനാൽ കായിക പഠനം കാര്യക്ഷമമാക്കുന്നതിനു തടസം നേരിടുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷ ശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസമാക്കൽ
4. വായനശേഷി വികസിപ്പിക്കാൻ
5. എൽ എസ് എസ് പരിശീലനം
6. പഠനയാത്രകൾ
7. പ്രവൃത്തി പരിചയ പരിശീലനം
8. കലാപരിപോഷണം
9. സഹവാസ ക്യാമ്പ്
10. കായിക പരിശീലനം
11. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
12. ഐ ടി പഠനം കാര്യക്ഷമമാക്കൽ
13. ചിത്ര രചന ക്യാമ്പ്
14. ക്ലാസ് പി ടി എ കാര്യകക്ഷമമാക്കൽ

# പ്രവർത്തനം -വിശദാംശങ്ങൾ

| ഉപമേഖല -ഇംഗ്ലീഷ് ഭാഷ പഠനം | | | | |
|---|---|---|---|---|
| പ്രവർത്തനം 1 ഭാഷ ശേഷി വികസനം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസനം | 1.ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2.ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആചരിക്കുക<br>3.എല്ലാ ദിവസവും അര മണിക്കൂർ റേഡിയോവിൽ ഇംഗ്ലീഷ് ന്യൂസ് കേൾക്കൽ | എല്ലാ ദിവസവും എല്ലാ ക്ലാസ്സിലും<br>എല്ലാ ബുധനാഴ്ചയും<br>എല്ലാ ദിവസവും അര മണിക്കൂർ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ് ലീഡർ ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | |

# പ്രവർത്തനം -വിശദാംശങ്ങൾ

## ഉപമേഖല -ഇംഗ്ലീഷ്

## പ്രവർത്തനം 2 ഇംഗ്ലീഷ് തിയേറ്റർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം | ഇംഗ്ലീഷ് കവിത കഥ സ്കിറ്റ് രചന അവതരണ ക്യാമ്പ് ഉൽപ്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ | സെപ്തം ബർ | ഇംഗ്ലീഷ് ടീച്ചർ | 2000 PTA |
| വായന ശേഷി പരിപോഷിപ്പിക്കൽ | ഇംഗ്ലീഷ് ന്യൂസ് റീഡിങ്<br>ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങ ൾ പുസ്തകം എന്നിവ ഉൾ കൊള്ളിക്കൽ വായനക്കുറിപ്പ് തയ്യാറാക്കൽ | ആഴ്ചയി ൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |

# പ്രവർത്തനം -വിശദാംശങ്ങൾ

## ഉപമേഖല -മലയാളം

## പ്രവർത്തനം 1.ഭാഷ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ഭാഷ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.അക്ഷരം ഉറപ്പിക്കൽ<br>2.ചിഹ്നം ഉറപ്പിക്കൽ<br>3.പദ നിർമ്മാണം<br>4.വാക്യ നിർമ്മാണം<br>5.ഭാഷ പരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 1 വർഷം | ക്ലാസ് ടീച്ചർ | PTA 2000 |
| 2.എല്ലാകുട്ടികളും സ്വതന്ത്ര വായനക്കാരാക്കുക | 1.ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2.ഓരോ ക്ലാസ്സിലും വായന ലക്ഷ്യം തീരുമാനിക്കൽ<br>3.ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>4.വായനോത്സവം | 6 മാസം<br>ആവശ്യത്തിനനുസരിച് | വിദ്യാരംഗം കോർഡിനേറ്റർ<br>ക്ലാസ് ടീച്ചർ | PTA 10000 |

| | | | | |
|---|---|---|---|---|
| | 5.ജന്മദിന പുസ്തകം | | | |
| 3.പത്രവായന പരിപോഷിപ്പിക്കുക | 6.പത്രവായന<br>ഓരോ ക്ലാസ്സിനും ഓരോ പത്രം ലഭ്യമാക്കൽ | ദിവസേന | | PTA |
| 4.സർഗ്ഗശേഷി വികസനം | രാവിലെ പ്രധാന പത്ര വാർത്തകളുടെ അവതരണം | | | |
| | പത്ര ക്വിസ് | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | വായനാനുഭവം പങ്കു വയ്ക്കൽ | | | |
| | സാഹിത്യ ക്വിസ് | മാസത്തിൽ ഒരു തവണ | വിദ്യാരംഗം കോർഡിനേറ്റർ | PTA 10000 |
| | രചന ശില്പ ശാല | | | |
| | കവിതാലാപന മത്സരം | വർഷത്തിൽ ഒരു തവണ | | |
| | സാഹിത്യകാരന്മാരുടെ അഭിമുഖം | മാസത്തിൽ ഒരു തവണ | | |
| | ബാലസഭാ | | | |
| | അമ്മമാർക്കൊരു പുസ്തകം | ആഴ്ചയിൽ ഒരു ദിവസം | | |

# പ്രവർത്തനം -വിശദാംശങ്ങൾ

## ഉപമേഖല -ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1.ഗണിത ശില്പശാല നടത്തി പഠനോപകരണങ്ങൾ നിർമ്മിക്കുകയും ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക | ജൂൺ | PTA<br>Class Teacher | 20000 |
| | 2.ഗണിത കളികൾ പാട്ടുകൾ സ്കിറ്റുകൾ വഴി പഠനം എളുപ്പമാക്കുക | ജൂൺ ജൂലൈ | Class Teacher | |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | വർക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ 1 മാസം | Class Teacher | |
| | | | Class Teacher | |

| | | | | |
|---|---|---|---|---|
| | ഗണിതത്തിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിത ആശയങ്ങൾ ഉറപ്പിക്കൽ | ജൂൺ 1 മാസം । | | |

## ഉപമേഖല - പരിസര പഠനം

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം<br>പരീക്ഷണ കളരി<br>പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുൻപിൽ അവതരണം | വർഷത്തിൽ 2 തവണ | സയൻസ് ക്ലബ് | PTA 5000 |
| ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പരിശീലനവും പ്രോത്സാഹനവും നൽകൽ | ഒക്ടോബർ നവംബർ | സയൻസ് ക്ലബ്<br>ക്ലാസ് ടീച്ചർ | PTA 10000 |

| | | | | |
|---|---|---|---|---|
| സയൻസ് ലാബ് രൂപീകരിക്കൽ | പരിസര പഠന പാഠപുസ്തകവുമായി ബന്ധപ്പെട്ടു നടത്തുന്ന പരീക്ഷണങ്ങൾക്കു വേണ്ട സാമഗ്രികൾ ഉൾപ്പുടുത്തിക്കൊണ്ട് ലാബ് തയ്യാറാക്കൽ | ജൂൺ | TEACHERS<br>PTA | PTA<br>20000 |

# പ്രവർത്തനം -വിശദാംശങ്ങൾ

## ഉപമേഖല -പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠന യാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ മ്യൂസിയങ്ങൾ കോട്ടകൾ തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | വർഷത്തിൽ 1 തവണ | PTA TEACHERS | PARENTS |
| ഉപമേഖല - ദിനാചരണങ്ങൾ | | | | |
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനവുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | എസ ആർ ജി | PTA 20000 |

| ഉപമേഖല - എൽ എസ് എസ് പരിശീലനം | | | | |
|---|---|---|---|---|
| പരമാവധി കുട്ടികളെ എൽ എസ് എസ് വിജയികളാക്കൽ | ചിട്ടയായ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക | ജൂലൈ മുതൽ ഫെബ്രുവര ി വരെ | എസ് ആർ ജി | PTA 2000 |
| ഉപമേഖല - ക്ലാസ് പി ടി എ ശക്തിപ്പെടുത്തൽ | | | | |
| ക്ലാസ് പി ടി എ ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ് പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ട് എത്തിക്കുന്നതിൽ സഹകരണം ഉറപ്പു വരുത്തലും | ക്ലാസ് പി ടി എ യോഗം കാര്യ ക്ഷമമായി നടത്തൽ കുട്ടികളുടെ പഠന നേട്ടങ്ങൾ പഠന തുടങ്ങിയവ തെളിവുകൾ സി പി ടി എ യിൽ അവതരിപ്പിക്കൽ | എല്ലാമാസ വും | ക്ലാസ് ടീച്ചർ | |

# പ്രവർത്തനം -വിശദാംശങ്ങൾ

| | | | | |
|---|---|---|---|---|
| ഉപമേഖല- പ്രവൃത്തി പരിചയം | | | | |
| | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ<br>വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ | വർഷത്തിൽ 1 | എസ് ആർ ജി | 5000 |
| ഉപമേഖല- കലാരംഗം | | | | |
| കലാമികവുള്ളവർക്കു പരിശീലനം | ബാലസഭാ<br><br>ചിത്രരചനാ ക്യാമ്പ്<br>നാടക കളരി<br>കലാമേളകൾക്കു വേണ്ടിയുള്ള പരിശീലനം | ആഴ്ചയിൽ 1<br>ആഗസ്ത്<br>ഡിസംബർ<br>ഒക്ടോബ്ര് നവംബർ | SRG | MUNCIPALITY<br>20000 |

| | | | | |
|---|---|---|---|---|
| **ഉപമേഖല- കായിക വിദ്യാഭ്യാസം** | | | | |
| കുട്ടികളുടെ കായിക ശേഷി വർധിപ്പിച്ചു മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ചു പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ | എല്ലാദിവസവും വൈകുന്നേരം അര മണിക്കൂർ | ക്ലാസ്സ് ടീച്ചർ | PTA 10000 |
| **ഉപമേഖല-ഹൈ ടെക് ക്ലാസ് മുറികൾ** | | | | |
| സ്കൂളിലെ മുഴുവൻ ക്ലാസ് മുറികളും ഹൈ ടെക് ആക്കുക | പൂർവ വിദ്യാർഥികൾ ജന പ്രതിനിധികൾ മുൻസിപ്പാലിറ്റി തുടങ്ങിയവയുടെ സഹായത്തോടെ ക്ലാസ് മുറികൾ ഹൈ ടെക് ആക്കുക | ഡിസംബർ മാസത്തിനുള്ളിൽ | പി ടി എ | നഗരസഭാ<br>പൂർവ വിദ്യാർഥികൾ<br>150000 |

# ഉപസംഹാരം

കോടല്ലൂർ ഗവഃ എൽ പി സ്കൂളിന്റെ ഈ മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ പഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ് കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത് പാഠാൻ പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും നഗര സഭയുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെ യാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിട്ടിരിക്കുന്നത്.